REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യയും ഇസ്രായേലും പ്രത്യേക തന്ത്രപര പങ്കാളിത്തത്തിലെ പൊതുകാഴ്ചപ്പാട് വ്യക്തമാക്കുന്ന സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു.**
- **തുറവൂരിനും മാരാരിക്കുളത്തിനുമിടയിൽ 21 കിലോമീറ്റർ പാത ഇരട്ടിപ്പിക്കാൻ ദക്ഷിണ റെയിൽവെയ്ക്ക് 450 കോടി രൂപ അനുവദിച്ചു.**
- **ബ്രഹ്മപുരം ഖരമാലിന്യ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **ICC ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് നിർണായക സൂപ്പർ -8 പോരാട്ടത്തിൽ ഇന്ത്യ, സിംബാബ്‌വെയെ 72 റൺസിന് തോൽപ്പിച്ചു.**
- **ഇന്ത്യൻ ഫുട്ബോൾ ലീഗിന് ഇന്ന് തുടക്കമാവും.**

## വാർത്തകൾ വിശദമായി

ഇന്ത്യയും ഇസ്രായേലും പ്രത്യേക തന്ത്രപര പങ്കാളിത്തത്തിലെ ശക്തമായ പൊതുകാഴ്ചപ്പാട് വ്യക്തമാക്കുന്ന സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു. സമാധാനത്തിനും, സുരക്ഷയ്ക്കും സമൃദ്ധിയ്ക്കും സാങ്കേതിക മികവും സംരംഭങ്ങളും പ്രയോജനപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും പ്രസ്താവനയിൽ പ്രതിബദ്ധത അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്.........

ഇസ്രായേൽ സാങ്കേതിക വിദ്യയുടേയും കണ്ടുപിടിത്തങ്ങളുടെയും ആഗോള ശക്തികേന്ദ്രവും, ഇന്ത്യ പ്രതിഭയുടെയും നിർമ്മാണ വൈദഗ്ദ്ധ്യത്തിന്റെയും സംരംഭകത്വത്തിന്റെയും ഊർജ്ജ സ്രോതസ്സുമാണെന്ന് ഇരുനേതാക്കളും വിലയിരുത്തി. നിർമ്മിത ബുദ്ധിയിലും സൈബർ സുരക്ഷയിലും ബയോടെക്നോളജിയും കൃഷിയിലും ജലവിനിയോഗത്തിലും ഉൾപ്പെടെ നിരവധി മേഖലകളിൽ ഇസ്രായേലിന്റെ വൈദഗ്ദ്ധ്യം ഇരു രാജ്യങ്ങൾക്കുമിടയിൽ സംയോജിപ്പിക്കാൻ പ്രധാനമന്ത്രിമാർ സന്നദ്ധത അറിയിച്ചു.

ഭാവിയിലെ രാജ്യരക്ഷാ സഹകരണകാഴ്ചപ്പാടിനും മാതൃകയ്ക്കും രണ്ട് പ്രധാനമന്ത്രിമാരും രൂപം നൽകി. അതിർത്തി കടന്ന് ഉണ്ടാകുന്ന ഭീകരാക്രമണങ്ങളെയും മറ്റെല്ലാ ഭീകരപ്രവർത്തനങ്ങളെയും ഇരു നേതാക്കളും നിശിതമായി അപലപിച്ചു. ഭീകരതയ്ക്കെതിരെ നിശ്ചയദാർഢ്യത്തോടെ ഒറ്റക്കെട്ടായി അന്താരാഷ്ട്രതലത്തിൽ നീക്കങ്ങളുണ്ടാകണമെന്ന് നരേന്ദ്രമോദിയും നെതന്യാഹുവും ആഹ്വാനം ചെയ്തു.

✪✪✪

“വികസിത് ഭാരതത്തിനായി സാങ്കേതികവിദ്യ, പരിഷ്കാരങ്ങൾ, ധനകാര്യം" എന്ന ബജറ്റാനന്തര വെബിനാറിനെ രാവിലെ വീഡിയോ കോൺഫറൻസിംഗിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. കേന്ദ്ര ബജറ്റിലെ പ്രധാന വിഷയങ്ങളെക്കുറിച്ച് സംഘടിപ്പിക്കുന്ന പോസ്റ്റ് ബജറ്റ് വെബിനാറുകളുടെ പരമ്പരയിൽ ആദ്യത്തേതാണിത്.

✪✪✪

ഇന്ത്യൻ വ്യോമസേനയുടെ 'വായുശക്തി' അഭ്യാസത്തിന് രാജസ്ഥാനിലെ ജയ്സാൽമറിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സാക്ഷ്യം വഹിക്കും. കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ്, മുഖ്യമന്ത്രി ഭജൻലാൽ ശർമ്മ എന്നിവരും പരിപാടിയിൽ പങ്കെടുക്കും. അഭ്യാസത്തിന് മുമ്പ്, തദ്ദേശീയമായി നിർമ്മിച്ച ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്റർ- പ്രചന്ദിൽ രാഷ്ട്രപതി പറക്കുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു. ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് വികസിപ്പിച്ച ആദ്യത്തെ യുദ്ധ ഹെലികോപ്റ്ററാണ് 'പ്രചന്ദ്'.

✪✪✪

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ 57-ാമത് ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും. ന്യൂഡൽഹിയിലെ ചടങ്ങിൽ IIMC ചാൻസലർ കൂടിയായ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അധ്യക്ഷനാകും.

കോഴ്സുകളിൽ ഉന്നത വിജയം നേടിയവർക്ക് മെഡലുകൾ സമ്മാനിക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

ചടങ്ങിൽ പുതിയ അക്കാദമിക് ബ്ലോക്കിനും ഹോസ്റ്റൽ ബ്ലോക്കിനും CP രാധാകൃഷ്ണൻ തറക്കല്ലിടും. ഇൻകുബേഷൻ സെന്ററിലെ ക്രിയേറ്റേഴ്സ് ലോഞ്ച് അശ്വനി വൈഷ്ണവ് ഉദ്ഘാടനം ചെയ്യും.

✪✪✪

രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് ചെലവുകൾക്ക് പരിധി നിശ്ചയിക്കാൻ നിർദേശിക്കണമെന്ന് ആവശ്യപ്പെടുന്ന ഹർജിയിൽ കേന്ദ്രത്തിൽ നിന്നും തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും സുപ്രീം കോടതി പ്രതികരണം തേടി. 1951 ലെ ജനപ്രാതിനിധ്യ നിയമ പ്രകാരം സ്ഥാനാർത്ഥികൾക്ക് കർശന ചെലവ് പരിധിയുണ്ടെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് ചെലവിന് പരിധി നിശ്ചയിക്കാത്തത് തിരഞ്ഞെടുപ്പുകളിൽ അസമത്വം സൃഷ്ടിക്കുന്നുവെന്ന് ഹർജിയിൽ പറയുന്നു.

✪✪✪

അഗ്നിവീറുകൾക്കും, വിരമിച്ച സൈനിക ഉദ്യോഗസ്ഥർക്കും തൊഴിലവസരങ്ങൾ വികസിപ്പിക്കാൻ ഇന്ത്യൻ റെയിൽവേയും സൈന്യവും സഹകരണ ചട്ടക്കൂട് അവതരിപ്പിച്ചു. സൈനിക ജോലികളിൽ നിന്ന് സിവിലിയൻ ജോലികളിലേക്ക് സുഗമമായ മാറ്റം ഉറപ്പാക്കാനും റെയിൽവേയിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് അവബോധം വർധിപ്പിക്കാനും നടപടി ലക്ഷ്യമിടുന്നു.

✪✪✪

തുറവൂരിനും മാരാരിക്കുളത്തിനുമിടയിൽ 21 കിലോമീറ്റർ പാത ഇരട്ടിപ്പിക്കാൻ ദക്ഷിണ റെയിൽവെയ്ക്ക് 450 കോടിയിൽ പരം രൂപ അനുവദിച്ചു. എറണാകുളം-ആലപ്പുഴ-കായംകുളം ഇടനാഴിയിലെ പ്രാധാന്യമേറിയ ഭാഗമാണിത്. ഇരട്ടിപ്പിക്കൽ പൂർത്തിയാകുന്നതോടെ ഓരോ ദിവസവും ഒമ്പത് അധിക യാത്രാ ട്രെയിനുകൾ ഇതുവഴി ഓടിക്കാൻ സാധിക്കും. ചരക്കുനീക്കവും ഇതിലൂടെ സുഗമമാക്കാൻ കഴിയും. ഉത്തര-ദക്ഷിണ-പൂർവ റെയിൽവെ സോണുകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും റെയിൽവെ അനുമതി നൽകിയിട്ടുണ്ട്.

✪✪✪

പത്ത് ജില്ലകളെ ബന്ധിപ്പിക്കുന്ന പശ്ചിമതീര ജലപാത നവകേരള നിർമ്മിതിയിൽ വലിയ മാറ്റമുണ്ടാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വടകര-മാഹി കനാലിന് കുറുകെ നിർമിച്ച മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ജലപാത പുതിയ അനുഭവമാകുമെന്നും ടൂറിസം രംഗത്ത് വലിയ മാറ്റമുണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഭാവിയിൽ വിഴിഞ്ഞവുമായി ജലപാതയെ ബന്ധിപ്പിക്കും. വടകര-മാഹി കനാലിന് കുറുകെ 17 കോടി 60 ലക്ഷം രൂപ ചെലവിൽ കോട്ടപ്പള്ളിയിൽ നിർമിക്കുന്ന പാലത്തിന്റെ പ്രവൃത്തിയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

എറണാകുളം ബ്രഹ്മപുരത്ത് ഖരമാലിന്യ അധിഷ്ഠിത കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി MB രാജേഷ് അധ്യക്ഷനാവുന്ന ചടങ്ങിൽ മന്ത്രി P രാജീവ്, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തുടങ്ങിയവരും പങ്കെടുക്കും. എറണാകുളം ജില്ലയുടെ മാലിന്യ സംസ്കരണ രംഗത്ത് നിർണ്ണായക ചുവടുവെപ്പാണ് പ്ലാന്റ്.

✪✪✪

കേരളത്തിൽ UDF അധികാരത്തിൽ എത്തിയാൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാക്കുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. വന്യമൃഗശല്യം പരിഹരിക്കാൻ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കണ്ണൂർ പേരാവൂരിൽ കർഷകസംവാദത്തിൽ സംസാരിക്കുകയായിരുന്നു രാഹുൽ ഗാന്ധി.

✪✪✪

കണ്ണൂരിൽ KSU പ്രതിഷേധത്തിനിടെ പരിക്കേറ്റ മന്ത്രി വീണാ ജോർജ് പരിയാരം മെഡിക്കൽ കോളേജിൽ നിന്ന് തിരുവനന്തപുരത്തേക്ക് മടങ്ങി. പുലർച്ചെ നാലുമണിയോടെയാണ് റോഡ് മാർഗ്ഗം മന്ത്രി തിരുവനന്തപുരത്തേക്ക് യാത്ര തിരിച്ചത്.

റെയിൽവേ സ്റ്റേഷനിലെ സംഭവം റെയിൽവേ പോലീസിന്റെ പ്രത്യേക സംഘം അന്വേഷിക്കും. കോഴിക്കോട് റെയിൽവേ ഇൻസ്പെക്ടർ സുധീർ മനോഹറിന്റെ നേതൃത്വത്തിൽ ആറംഗസംഘത്തിനാണ് അന്വേഷണ ചുമതല.

✪✪✪

ചേർത്തലയിൽ അമ്പത് കോടി രൂപ ചെലവിൽ കൃഷിവകുപ്പ് നടപ്പാക്കുന്ന അത്യാധുനിക വെജിറ്റബിൾ അഗ്രോ പാർക്കിന് മന്ത്രി P പ്രസാദ് വൈകിട്ട് തറക്കല്ലിടും. വൈകിട്ട് തിരുവിഴ ജംഗ്ഷന് സമീപത്തെ ചടങ്ങിൽ PP ചിത്തരഞ്ജൻ MLA അധ്യക്ഷനാകും. KC വേണുഗോപാൽ എംപി മുഖ്യപ്രഭാഷണം നടത്തും.

✪✪✪

ചെങ്ങന്നൂർ KSRTC ബസ് ടെർമിനൽ യാഥാർത്ഥ്യമാകുന്നതോടെ ശബരിമല തീർത്ഥാടന കാലത്ത് അയ്യപ്പഭക്തർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് വലിയ പരിഹാരമാകുമെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. ചെങ്ങന്നൂർ KSRTC ബസ് ടെർമിനൽ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ICC ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ നിർണായക സൂപ്പർ -8 പോരാട്ടത്തിൽ ഇന്ത്യ, സിംബാബ്‌വെയെ 72 റൺസിന് തോൽപ്പിച്ചു. ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിൽ ഇന്ത്യ നിർണയിച്ച 257 റൺസ് വിജയലക്ഷ്യവുമായി ക്രീസിലിറങ്ങിയ സിംബാബ്‌വെ ആറ് വിക്കറ്റിന് 184 റൺസെടുത്ത് പുറത്തായി. നേരത്തെ ടോസ് നേടിയ സിംബാബ്‌വെ ബൗളിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യ നാല് വിക്കറ്റിന് 256 റൺസെടുത്തു.

അവസാന സൂപ്പർ - 8 മത്സരത്തിൽ ഞായറാഴ്ച ഇന്ത്യ, വെസ്റ്റ് ഇൻഡിസിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

മറ്റൊരു മത്സരത്തിൽ ഇന്നലെ അഹമ്മദാബാദിൽ ദക്ഷിണാഫ്രിക്ക, വെസ്റ്റ് ഇൻഡീസിനെ ഒമ്പത് വിക്കറ്റിന് തകർത്തു.

✪✪✪

ISL ഫുട്ബോളിൽ FC ഗോവ, സ്പോർട്ടിങ് ക്ലബ് ഡൽഹിയെ തോൽപ്പിച്ചു. ഗോവയിൽ എതിരില്ലാത്ത ഒരു ഗോളിനാണ് ജയം. ഇന്ന് കൊൽക്കത്തയിൽ വൈകിട്ട് അഞ്ചിന് ഈസ്റ്റ് ബംഗാൾ ജംഷഡ്പൂരിനെയും ബംഗളുരുവിൽ രാത്രി ഏഴരയ്ക്ക് ബംഗളുരു പഞ്ചാബിനെയും നേരിടും.

✪✪✪

ഇന്ത്യൻ ഫുട്ബോൾ ലീഗിന് ഇന്ന് തുടക്കമാവും. I-ലീഗ് ഫുട്ബോളിനെ ഇന്ത്യൻ ഫുട്ബോൾ ലീഗ് എന്ന് പുനർനാമകരണം ചെയ്തതിന് ശേഷം നടത്തുന്ന ആദ്യ മത്സരമാണിത്. കേരളത്തിന്റെ ഗോകുലം FC, ഐസോളിൽ വൈകിട്ട് ആറരയ്ക്ക് ചൻമാരി FC-യെ നേരിടും. ലുധിയാനയിൽ വൈകിട്ട് നാലിന് ഐസോൾ FC, നാംധാരി FC യുമായി ഏറ്റുമുട്ടും.

✪✪✪

പുതുയുഗം, നവകേരളം എന്നീ പേരുകളിൽ നടത്തുന്ന യാത്രകൾ മൂന്ന് പതിറ്റാണ്ടിലേറെ കേരളം ഭരിച്ചിട്ടും ഇരുമുന്നണികൾക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്ന ദയനീയ പരാജയത്തിന് തെളിവാണെന്ന് BJP ദേശീയ നിർവാഹക സമിതി അംഗം PK കൃഷ്ണദാസ് അഭിപ്രായപ്പെട്ടു.

കോൺഗ്രസ് വിട്ട് BJP യിലേക്ക് വന്ന മഹിളാ കോൺഗ്രസ്സ് സംസ്ഥാന ജനറൽ സെക്രട്ടറി R. രശ്മി ക്ക് കൊട്ടാരക്കരയിൽ നൽകിയ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കൃഷ്ണദാസ്.

✪✪✪

തമ്പാനൂർ റെയിൽവേ സ്റ്റേഷനിലെ നിർമാണ പ്രവൃത്തികൾ മൂലം ആറ്റുകാൽ പൊങ്കാല കഴിഞ്ഞ് മടങ്ങുന്ന യാത്രക്കാർക്ക് റെയിൽവെ പ്രത്യേക നിർദേശങ്ങൾ നൽകി.

പ്ലാറ്റ്ഫോമുകളിൽ നിർമാണപ്രവൃത്തി നടക്കുന്നതിനാൽ ട്രെയിൻ പുറപ്പെടുന്ന സമയത്തിന് അനുസരിച്ച് മാത്രമേ യാത്രക്കാരെ അകത്തേക്ക് പ്രവേശിപ്പിക്കൂ.

ന്യൂസ് ഡെസ്കിൽ നിന്ന് വിശദാംശങ്ങൾ...

......വോയ്സ്......

കിഴക്കേകോട്ട, പവർ ഹൗസ് റോഡ് ഭാഗത്തുനിന്ന് യാത്രക്കാർ തൈക്കാട് റെയിൽവേ മേൽപ്പാലം വഴിയും, MG റോഡ് ഭാഗത്തെ മേൽപ്പാലത്തിലൂടെയും, തമ്പാനൂർ ഭാഗത്തെത്തിയ ശേഷമേ റെയിൽവേ സ്റ്റേഷനിലേക്ക് പ്രവേശിക്കാവൂ. തൈക്കാട് ഭാഗത്തുനിന്ന് വരുന്നവർ റെയിൽവേ മേൽപ്പാലത്തിന് താഴെ കൂടി റെയിൽവേ പ്ലാറ്റ്ഫോമിൽ പ്രവേശിക്കണം. ഓവർബ്രിഡ്ജ്, ആർഎംഎസ് ഭാഗത്തുനിന്ന് വരുന്നവർക്ക് ചൈത്രം ഹോട്ടലിന് എതിർ വശത്തെ പാർസൽ ഗേറ്റ്, തമ്പാനൂരിലെ പ്രധാന കവാടം എന്നിവയിലൂടെ പ്രവേശിക്കാം.

യാത്രക്കാർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഒരുക്കിയ താൽക്കാലിക പന്തലുകളിൽ കാത്തുനിൽക്കണം. കുടിവെള്ളം ലഭ്യമാക്കാൻ റെയിൽവെ ക്രമീകരണങ്ങൾ ഏർപ്പെടുത്തും.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിലെ മികച്ച ഹരിത ചട്ട പാലനത്തിൽ കോഴിക്കോട് ജില്ല ഒന്നാം സ്ഥാനം നേടി. സംസ്ഥാന ശുചിത്വ മിഷൻ ഏർപ്പെടുത്തിയ ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം സംസ്ഥാന

തെരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാനിൽ നിന്ന് ജില്ലാ ശുചിത്വമിഷൻ കോ ഓർഡിനേറ്റർ ET രാകേഷ് ഏറ്റുവാങ്ങി.

✪✪✪

ബീഹാറിൽ നിന്ന് മതിയായ രേഖകളില്ലാതെ കേരളത്തിൽ എത്തിയ പ്രായപൂർത്തിയാകാത്ത 21 ആൺക്കുട്ടികളെ കോഴിക്കോട്ടെ ചൈൽഡ് വെൽഫെയർ കമ്മിറ്റി സുരക്ഷിതമായി  കിഷൻ ഗഞ്ച് ജില്ലയിൽ തിരികെ എത്തിച്ചു. എട്ടിനും 14നും ഇടയിൽ പ്രായക്കാരാണ് കുട്ടികൾ.

✪✪✪

കോഴിക്കോട് വലിയങ്ങാടിയിൽ കോർപ്പറേഷന്റെ കെട്ടിടം തകർന്ന് നാല് തൊഴിലാളികൾ മരിച്ച സംഭവത്തിൽ ജില്ലാ കളക്ടറിൽ നിന്നും കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി എടുക്കുമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഇടക്കാല ഉത്തരവിൽ അറിയിച്ചു. കോഴിക്കോട് ടൗൺ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അപകടം സംബന്ധിച്ച റിപ്പോർട്ട് കമ്മീഷന് സമർപ്പിച്ചു.

കെട്ടിടം തകർന്ന് തൊഴിലാളികൾ മരിച്ച സംഭവത്തിൽ ഗവൺമെന്റ് സമഗ്ര അന്വേഷണം നടത്തണമെന്നും, മരിച്ചവരുടെ ആശ്രിതർക്ക് 25 ലക്ഷം രൂപ വീതം നൽകണമെന്നും  കോർപ്പറേഷൻ കൗൺസിൽ യോഗം പൊതുപ്രമേയത്തിൽ ആവശ്യപ്പെട്ടു. ആശ്രിതർക്ക് ഗവൺമെന്റ് ജോലി നൽകണമെന്നും പ്രമേയത്തിൽ  ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ അദാലത്ത് ഇന്ന് തൃശ്ശൂരിൽ നടത്തും. കളക്ടറേറ്റ് കോൺഫ്രൻസ് ഹാളിൽ കമ്മീഷൻ അംഗം TK വാസു അദാലത്തിന്  നേതൃത്വം നൽകും.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗും രാവിലെ 11.30ന് ആരംഭിക്കും.

✪✪✪

News Editor & News Reader : അനിൽ ചന്ദ്രൻ
NRTs:  നിമിഷ ജി, ഹബീബ് റഹ്മാൻ
DEO : സി കെ സുബോധ്